**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1875** **08-02-2023 - ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന്റെ ഗ്രൗണ്ട് നവീകരണ പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ; | (എ) | **ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ തിരൂരങ്ങാടി ഗവ.ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നം. 5050/2017/പൊ.വി.വ തീയതി 29.12.2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം കിറ്റ്കോ വിവര ശേഖരണം നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 18.03.2022ൽ കായിക വകുപ്പ് മന്ത്രിയും, ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ചേർന്ന് നടത്തിയ യോഗത്തിൽ, സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്നും അതിനാൽ സ്ഥല മാറ്റം വേണമെന്ന സ്കൂളിന്റെ ആവശ്യം പരിഗണിക്കുമെന്നും ആയത് പരിശോധിക്കുന്നതിന് വിദഗ്ധ ടീമിനെ നിയോഗിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം തിരൂരങ്ങാടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പ് വരുത്തുകയും അതനുസരിച്ച് 3 കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് ലഭ്യമാക്കണമെന്ന് കായികയുവജനകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (ബി) | ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇനി പൂർത്തീകരിക്കാനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | **ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള രണ്ടാമത്തെ പൊതുവിദ്യാഭ്യാസ സ്കീമിൽ ആദ്യഘട്ടത്തിൽ തിരൂരങ്ങാടി ഗവ.ഹയർ സെക്കന്ററി സ്കൂൾ ഉൾപ്പെടുത്തി മാസ്റ്റർ പ്ലാൻ** |

| | | | |
|---|---|---|---|
| | | | **തയ്യാറാക്കുന്നതിന് കിറ്റ്കോയെ ചുമതലപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് (സാധാ) നം. 5050/2017/പൊ.വി.വ തീയതി 29.12.2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്. ആയത് പ്രകാരം കിറ്റ്കോ വിവര ശേഖരണം നടത്തുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട് 18.03.2022ൽ കായിക വകുപ്പ് മന്ത്രിയും, ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയും ചേർന്ന് നടത്തിയ യോഗത്തിൽ, സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ പ്രസ്തുത സ്കൂളിൽ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്നും അതിനാൽ സ്ഥല മാറ്റം വേണമെന്ന സ്കൂളിന്റെ ആവശ്യം പരിഗണിക്കാമെന്നും ആയത് പരിശോധിക്കുന്നതിന് വിദഗ്ധ ടീമിനെ നിയോഗിക്കുന്നതിനും തീരുമാനിച്ചു. ഇതനുസരിച്ച് സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിംഗ് വിഭാഗം തിരുരങ്ങാടി സ്കൂൾ സൈറ്റ് സന്ദർശിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥല ലഭ്യത ഉറപ്പ് വരുത്തുകയും അതനുസരിച്ച് 3 കോടി രൂപയുടെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ നിയോഗിച്ചുകൊണ്ട് ഉത്തരവ് ലഭ്യമാക്കണമെന്ന് കായികയുവജനകാര്യ ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.** |
| (സി) | പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ഏത് ഓഫീസിലാണെന്നും ഫയൽ നമ്പർ ഏതാണെന്നും പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ? | (സി) | **ടി വിഷയം കാ.യു.വ-എ1/227/2022-കാ.യു.വ എന്ന ഫയലിൽ കായികയുവജനകാര്യ വകുപ്പ് പരിശോധിച്ച് വരികയാണ്. പൊതുവിദ്യാഭ്യാസ വകുപ്പുമായി ആലോചിച്ച് എസ്.പി.വിയെ മാറ്റുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളുന്നതാണ്.** |

സെക്ഷൻ ഓഫീസർ